# പാഠപുസ്തകം

സഞ്ജയൻ



പാഠപുസ്തകം
സഞ്ജയൻ
(മലയാളം: ലേഖനം)

© 2021, Sanjayan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Bookworm's Table, a painting by Claude Raguet Hirst (1855–1942). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പാഠപുസ്തകം

ഞാനൊരു കാര്യം പറഞ്ഞാൽ പുറമെ ആരോടും പറയാതെ സൂക്ഷിയ്ക്കാമോ? ഈയിടെ ഒരാൾക്കു പറ്റിയതുപോലെ പറ്റരുതെന്നു വിചാരിച്ചു ചോദിയ്ക്കുകയാണ്. ഒരാൾ ഒരു പാഠപുസ്തകമെഴുതി. ടെക്സ്റ്റ് ബുക്കുകമ്മിറ്റി അച്ചടിച്ചതൊക്കെ സ്വീകരിക്കുമെന്നു കേട്ടിട്ടു്, അവരോടു് ഒരക്ഷരംപോലും മിണ്ടാതെ "ടെക്സ്റ്റ്ബുക്കുകമ്മിറ്റി സ്വീകരിച്ചതു്" എന്നു പുറംകവറിന്മേൽ അടിച്ചുവിട്ടു. എന്തായാലും അത്ര വയ്യെന്നു കമ്മിറ്റിക്കാരും തീർച്ചപ്പെടുത്തീട്ടോ, എന്തോ, പുസ്തകം സ്വീകരിച്ചില്ല. ഒടുക്കം പുസ്തകങ്ങൾ എന്തുചെയ്തു എന്നറിഞ്ഞില്ല. അതുപോലെ ഒരബദ്ധത്തിൽ സഞ്ജയനും ചാടരുതെന്ന് കരുതിയാണ് ഈ "പ്രിക്കോഷനൊക്കെ" എടുക്കുന്നതു്.

ഞാൻ ഒരു പാഠപുസ്തകമെഴുതീട്ടുണ്ടു്. കമ്മിറ്റിക്കാർ സ്വീകരിയ്ക്കുമെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. സ്വീകരിച്ചില്ലെങ്കിൽ വേണ്ട... പക്ഷേ, അതു ഞാൻ പറയുന്നതു് ഒരു വകയാണെങ്കിലും, പുസ്തകം ഒന്നാംതരമാണ്. ശിശുക്ലാസ് മുതൽക്കു ബി. എ. ക്ലാസുവരെ ഏതു ക്ലാസിലും ഉപയോഗിക്കാമെന്നുള്ളതാണ് അതിന്റെ ഒരു മെച്ചം. പരിഷ്കാരമുള്ള സ്ത്രീകൾക്കും, അതില്ലാത്ത പെണ്ണുങ്ങൾക്കും, ഈ പുസ്തകം ഉപയോഗിയ്ക്കാം. മലമ്പനി മുതലായ രോഗങ്ങൾ പിടിച്ചു അനങ്ങാൻ കഴിയാതെ കിടക്കുന്നവർകൂടി ഇതു വായിച്ച ഉടനെ, വടിയുമെടുത്തു ഗ്രന്ഥകർത്താവിനെ അന്വേഷിച്ചു നടന്നുതുടങ്ങും. രാജാക്കന്മാരുടെയും, പതിനായിരത്തിലധികം നികുതി ജമക്കാരുടേയും കയ്യിൽനിന്നു കിട്ടിയ മെഡലുകൾക്കും മറ്റും, കയ്യും കണക്കുമില്ല. ഈശ്വരൻ ഉണ്ടെന്നും ഇല്ലെന്നും ഇതിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു, വാഗ്ഭടാനന്ദഗുരുദേവർക്കും സർദാർ കുഞ്ഞിരാമൻനായരവർകൾക്കും ഇതു ക്ഷോഭമില്ലാതെ വായിക്കാം. ഞാൻ പറയുന്നതു് അതിശയോക്തിയാണെന്നു തോന്നുന്നുവെങ്കിൽ, വർത്തമാനപത്രങ്ങളും വലിയ ആളുകളും പറയുന്നതു നോക്കുവിൻ!

"തന്റെ പുസ്തകം കിട്ടി. താൻ ജർമ്മനിയിൽ കടക്കുവാൻ പാടില്ല."

ഹെർ ഹിറ്റ്ലർ

"പുസ്തകം തർജ്ജമചെയ്തുകേട്ടു. എഴുതുവാനറിയുന്ന രോഗികളെക്കൊണ്ടു് ഇങ്ങനെ ഓരോന്നെഴുതിയ്ക്കുന്നതു വളരെ നല്ലതാണെന്നു ഞാൻ ചിത്തരോഗാസ്പത്രികളിലെ സുപ്രഡെണ്ടുമാരെ അറിയിച്ചിട്ടുണ്ടു്. നിങ്ങളെ ഡിസ്ചാർജ്ജു ചെയ്താൽ ഇറ്റലിയിൽ വന്നു താമസിയ്ക്കണം."

മുസ്സോളിനി

"ഇയാൾ ബോൾഷെവിസ്റ്റാണെന്നു പുസ്തകത്തിന്റെ ഏതു ഭാഗവും വിളിച്ചുപറയുന്നുണ്ടു്."

വിൻസ്റ്റൺ ചർച്ചിൽ

"മി: ചർച്ചിലിന്റെ ഏജന്റിനുമാത്രമേ ഇത്തരം പുസ്തകങ്ങൾ എഴുതുവാൻ കഴിയുകയുള്ളൂ."

എസ്സ്. സത്യമൂർത്തി

"ബുസ്തകം പരിസോദിച്ചതിൽ മുഷുമൻ അബദ്ദം."

ഒരു ചെയർമാൻ

"പുസ്തകത്തെപ്പറ്റി പറയുവാൻ ഞങ്ങൾക്കു വാക്കു കിട്ടുന്നില്ല."

മലയാളപത്രിക

"ഈ പാഠപുസ്തകത്തെപ്പറ്റിയുള്ള ഞങ്ങളുടെ അഭിപ്രായം ആരുമില്ലാത്തേടത്തുവെച്ചു ഗ്രന്ഥകർത്താവോടു മുഖദാവിൽ പറയുന്നതായിരിയ്ക്കും ഭേദം."

കേരളകാഹളം

ഇനിയും വളരെയുണ്ടു്. പക്ഷേ, ഇതു മതിയെന്നു കരുതുന്നു. പാഠങ്ങളുടെ മാതൃക കാണിപ്പാൻ ഒരു സാമ്പിൾ പാഠവും താഴെ ചേർക്കുന്നു:—

# ഒന്നാം പാഠം:
# മുനിസിപ്പാലിറ്റി

(ഇവിടെ മുനിസിപ്പാലിറ്റിയുടെ ഒരു ചിത്രം—വെറും പുകപോലെ ഒരു സാധനം—കൊടുത്തിട്ടുണ്ടായിരിക്കും അതിന്നു കീഴിൽ പാഠം തുടങ്ങുന്നു:)

ഇതു എന്താകുന്നു? നരകമോ? അല്ല. ഇത് ഒരു മുനിസിപ്പാലിറ്റിയാകുന്നു. ഇതിന്നുള്ളിൽ ആളുകളും വീടുകളും, ഒരു ചെയർമാനും, ഒരു കമ്മീഷണറും, കുറേ കൌൺസിലർമാരും, ഒക്കെയുണ്ട്. പക്ഷേ, പൊടി കൊണ്ട് നിങ്ങൾക്ക് ഒന്നും കാണ്മാൻ കഴിയാത്തതാണ്.

മുനിസിപ്പാലിറ്റി നമുക്കു പൊടി തരുന്നു. പൊടി കാഴ്ചയ്ക്കു ചുകന്നതും, മൂക്കിന്ന് എരുവുള്ളതും, ദേഹത്തിന്നു വളരെ ഗുണകരമായതും ആകുന്നു.

വികൃതിലേഖകന്മാർ ഇതിനെക്കുറിച്ച് പലതും എഴുതും. അപ്പോൾ ഇതു അവരെ കടിക്കുകയും മാന്തുകയും ചെയ്യും.

പൊടിയമർന്നാൽ ചിത്രത്തിൽ ഒരാൾ നില്ക്കുന്നതു കാണാം. അയാൾ ഇതിനെ നോക്കിനടത്തുന്ന ആളാകുന്നു. അയാൾ പറഞ്ഞാൽ ഇതു മരത്തിന്മേൽ കയറുകയും പല അഭ്യാസങ്ങൾ കാണിക്കുകയും ചെയ്യും.

ഇതിന്റെ സംസ്കൃതത്തിലുള്ള പേർ ചോദിച്ച് നിങ്ങൾ ക്ലാസുമാസ്റ്ററെ ബുദ്ധിമുട്ടിക്കരുത്. അത് അദ്ദേഹത്തിന്നറിഞ്ഞുകൂടാ. ആനയ്ക്കു സംസ്കൃതത്തിൽ കുഞ്ജരം എന്നാകുന്നു പേർ. അത് എനിക്കറിയാം. ആംഗ്ലേയർ ഇതിനെ “ഹെൽ” എന്നു വിളിക്കുന്നു.

ശത്രുക്കൾ അടുത്തെത്തിയാൽ ഇതു കണ്ണടച്ചുകളയും. താൻ ആരെയും കാണുന്നില്ലെങ്കിൽ തന്നെയും ആരും കാണുകയില്ലെന്നാണ് ഇതിന്റെ വിശ്വാസം.

ഇനി ചോദ്യക്കടലാസ്സിന്റെ ഒരു മാതൃക കൊടുക്കാം.

N. B.: (കടലാസ്സിന്റെ ഒരു ഭാഗത്തെങ്കിലും വല്ലതും എഴുതേണ്ടതാകുന്നു.)

1. വിഗ്രഹിച്ചർത്ഥം എഴുതുക:—മുനിസിപ്പാലിട്ടി, ചേയർമാൻ, അവിശ്വാസപ്രമേയം, ഇവയിലെ സമാസങ്ങളുടെ പേരെന്ത്?
2. രാജി, പിൻവലിയ്ക്കൽ, വീണ്ടും നിൽക്കൽ, ഇവയ്ക്കു ഓരോ അർത്ഥമെങ്കിലും എഴുതുക.
3. സന്ദർഭം കാണിച്ചു തോന്നിയപോലെ വ്യാഖ്യാനിക്കുക:—

   (i) ഇവരും ഞങ്ങളുമോരുമിച്ചീടുക
   വരുവോന്നല്ലിതു നാരായണാജയ!

   (ii) എട്ടുനാളിനകംപുറം ചില
   ചട്ടമൊന്നു പകർന്നുപോം.

   (iii) സത്യവിരോധം മാധവനുണ്ടോ?

   (iv) ചോദിച്ചപോൽ പണ്ടിതു കൊണ്ടൽവർണ്ണൻ
   തദാ കൊടുത്തില്ലിതു യാദവൻതാൻ.

   (v) മുറിയുന്നെതെന്തെടോ ഭീമ,
   ഗദയോ നമ്മുടെ വാലോ?

   (vi) അടിയനു മേസ്തിരിമാരുടെ
   വടിയാലടിയും നിന്തിരുവടിയും ശരണം.

   (vii) വളരെക്കാലമായ് വളരെക്കാലമായിളയിൽ
   ഞങ്ങൾക്കീയിളിഭ്യപ്പേർകിട്ടി.

   (viii) പപ്രച്ഛ, നീയാരയച്ചുവന്നു, കപേ!

4. താഴെ ചേർക്കുന്ന വരികൾക്കു കഴിയുന്നിടത്തോളം ഉദാഹരണങ്ങൾ എഴുതുക. പേരുകൾ പറയുവാൻ പാടില്ല.

   (i) ചെറുപ്പകാലങ്ങളിലുള്ള ശീലം
   മറക്കുമോ മാനുഷനുള്ള കാലം?

   (ii) പറഞ്ഞ വാക്കിനു നേരില്ലാത്താളുകൾ.
   നിറഞ്ഞു ലോകത്തിലെന്നുടെ ഗോവിന്ദാ!

   (iii) അവനിപതികളെന്നു ഭാവമാത്രം
   ഭുവനവിനാശകഠോര കശ്മലാനാം

   (iv) ആപത്തു വന്നടുത്തീടുന്ന കാലത്തു
   ശോഭിയ്ക്കയില്ലെടോ സജ്ജനഭാഷിതം.

5. “എന്നു ലോകേ ഭാവിക്കുന്നതാപത്തുകളുന്നു
   ഞാനും ഭവിച്ചീടുവൻ ഭൂതലേ. ”

   ഈ വരികൾ കമ്മീഷണർക്കു ബാധകങ്ങളാണെന്നു യുക്തിപൂർവ്വം തെളിയിക്കുക.

6. “ഇത്ഥം പറഞ്ഞാശു മറഞ്ഞു വിപ്രൻ ”

   ഇത്ഥം: എത്ഥം? ഏതു വിപ്രൻ എവിടെയാണ് മറഞ്ഞത്?

7. നിങ്ങളുടെ മുനിസിപ്പാലിറ്റിയെപ്പറ്റി അറിയുന്നതെഴുതാതിരിക്കുക.

12–9–’34

□

## സഞ്ജയൻ



സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13—മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിയിൽ 1903 ജൂൺ 13-നു ജനിച്ചു. സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

1903 ജൂൺ 13-നു തലശ്ശേരി ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. തലശ്ശേരി ബ്രണ്ണൻ ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട്ട് വിക്ടോറിയാ കോളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്.

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ 'സഞ്ജയൻ' എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് 'വിശ്വരൂപം' എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട്ട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ 'സാഹിത്യനികഷം' (രണ്ടു ഭാഗങ്ങൾ), 'സഞ്ജയൻ' (ആറു ഭാഗങ്ങൾ), 'ഹാസ്യാഞ്ജലി', 'ഒഥേല്ലാ' (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപാഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്.

> "പരിഹാസപ്പൂവുപനിനീർച്ചെടിക്കെടോ
> ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ"

എന്ന വരികൾ പ്രസിദ്ധമാണ്.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹറിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014